# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7926

16.07.2014 ൽ മറുപടിയ്ക്ക്

## കേപ്പിന്റെ സാമ്പത്തിക സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേപ്പിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ; | (എ) കേപ്പിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി തൃപ്തികരമല്ല. കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിന്റെ വസ്തു ഈടിന്മേൽ എറണാകുളം ജില്ല സഹകരണ ബാങ്ക് അനുവദിച്ചിരുന്ന 75 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് സൗകര്യം കഴിഞ്ഞ ജൂൺ മാസത്തോടുകൂടി അതിന്റെ പരമാവധി പരിധിയിലെത്തി ച്ചേർന്നിരിക്കുകയാണ്. കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനാൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം, 30.06.2014 ന് ശേഷം നൽകാൻ എറണാകുളം ജില്ലാ സഹകരണ ബാങ്ക് വിസമ്മതിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും കേപ്പിന് 5 കോടി രൂപ പലിശരഹിത വായ്പയായി നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം കേപ്പ് എത്ര രൂപ കൊച്ചി മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ നൽകിയെന്ന് അറിയിക്കുമോ; | (ബി) 8,59,45,161/- രൂപ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം അവിടെനിന്നും ഏതെങ്കിലും വിധത്തിലുള്ള വരുമാനം കേപ്പിന് ലഭിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം കേപ്പ് കൊച്ചി മെഡിക്കൽ കോളേജിനുവേണ്ടി ചെലവഴിച്ച തുക സർക്കാർ റീ ഇംമ്പേഴ്സ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഇല്ല<br>31.07.2014 വരെ കേപ്പിന് ചെലവാകുന്ന തുക റീഇംപേഴ്സ് ചെയ്യുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഇ) | 14.05.2014 ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ കേപ്പിന് എത്ര രൂപയുടെ സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചു; അതിൽ ഇതുവരെ എത്ര രൂപ അനുവദിച്ചുവെന്ന് വിശദമാക്കാമോ; | (ഇ) | 14.05.2014 ൽ ചേർന്ന യോഗത്തിൽ, കേപ്പിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ 9 കോടി രൂപ കേപ്പിന് നൽകണമെന്ന് തീരുമാനിക്കുകയുണ്ടായി. ഇതിൽ 5 കോടി രൂപ ശമ്പള ഇനത്തിലും 4 കോടി രൂപ ബിൽ പേയ്മെന്റ് ഇനത്തിലുമാണ്. എന്നാൽ തുക ഇതുവരെയും ആരോഗ്യ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| (എഫ്) | 26.05.2014 ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ) നം. 1674/2014/എച്ച്&എഫ്.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം എത്ര കോടി രൂപ കേപ്പ് കൊച്ചിൻ മെഡിക്കൽ കോളേജിന് നൽകി; വ്യക്തമാക്കാമോ? | (എഫ്) | 1,70,00,000/- രൂപ നൽകി. |

സെക്ഷൻ ഓഫീസർ